


# "അൺലോക്ക് "

## K.K.M.G.V&H.S.S ELIPPAKULAM

## Little KITE's 2022-25 Batch

*Digital Magazine 2023-24*



നമ്മൾ പുതുതലമുറയുടെ നവ ഡിജിറ്റൽ
ലോകമിത്...........
അനുദിനം വിപ്ലവകരമായി
വികസിച്ചുകൊണ്ടിരിക്കുന്ന,
പുതുമയുടെ സാങ്കേതിക ലോകത്തേക്ക്
കടക്കാൻ,
നമ്മുടെ ഡിജിറ്റൽ മാഗസിൻ നമുക്കും
"അൺലോക്ക്" ചെയ്യാം.......

# സന്ദേശം

അറിവുകൾ വിരൽ തുമ്പിലാണ്... വിവര സാങ്കേതിക വിദ്യയുടെ സർവ്വ വ്യാപനത്തിൽ.,കുട്ടികളുടെ സൃഷ്ടികൾ ഡിജിറ്റലായി കാണുന്നതിൽ ആഹ്ളാദം തോന്നുന്നു. മാസങ്ങളുടെ തയ്യാറെടുപ്പുകളിലൂടെ ജനിച്ച ഈ മാഗസിൻ്റെ അണിയറ പ്രവർത്തകരായ കുട്ടികളെയും അദ്ധ്യാപകരേയും പ്രത്യേകം അഭിനന്ദിക്കുന്നു. ഒപ്പം ഇനിയും ഡിജിറ്റൽ സൃഷ്ടികൾ പ്രതീക്ഷിച്ചുകൊണ്ട്....





ശ്രീ.പി.കൃഷ്ണകുമാർ
ഹെഡ്മാസ്റ്റർ

# ആശംസകൾ

നമ്മുടെ സ്കൂളിൽ Little KITEs club ന്റെ ആഭിമുഖ്യത്തിൽ തയാറാക്കുന്ന '**അൺലോക്ക്** ' എന്ന മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.മാഗസിൻ കുട്ടികൾക്ക് വഴികാട്ടിയാവും എന്നുള്ളതിൽ സംശയമില്ല. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകരെയും വിദ്യാർത്ഥികളെയും അനുസ്മരിച്ചുകൊണ്ട് നിങ്ങളുടെ ഈ പ്രവർത്തനത്തിന് എല്ലാ ആശംസകളും നേരുന്നു.



**ശ്രീമതി പി. അനിത കുമാരി**
**സീനിയർ അസിസ്റ്റന്റ്**

ലോകം അനുദിനം മാറിക്കൊണ്ടിരിക്കുന്നു, വിവര സാങ്കേതിക വിദ്യയും ഈ മാറ്റം ഉൾക്കൊണ്ട് മുന്നേറുകയാണ്. വിവര സാങ്കേതിക രംഗത്ത് കുട്ടികളെ ഉയരങ്ങളിലേക്ക് എത്താൻ.കഴിവുള്ളവരാക്കുന്ന പാഠ്യ പദ്ധതി ആണ് ലിറ്റിൽ കൈറ്റ്സ് ക്ലബ്.എന്റെ പ്രിയ കുട്ടികളുടെ ഈ ഡിജിറ്റൽ സൃഷ്ടിക്ക് ആശംസകൾ.. അനുമോദനങ്ങൾ...



**ശ്രീ കെ.വി. അഭിലാഷ് കുമാർ**
**എസ്.എം.സി. ചെയർമാൻ**

ലിറ്റിൽ കൈറ്റ് സിലെ പ്രിയ കുട്ടികളെ, നിങ്ങൾ ഒരു മാഗസിൻ ഇറക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഈ സംരംഭത്തിൽ നിങ്ങൾക്കും നിങ്ങൾക്ക് മാർഗ്ഗനിർദേശം നൽകുന്ന അധ്യാപകർക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ അറിയിക്കുന്നു.



**ശ്രീ.പ്രകാശ് വാസു**
**പി.ടി.എ. പ്രസിഡന്റ്**

# എഡിറ്റോറിയൽ

ഡിജിറ്റൽ ലോകത്തേക്ക് നമ്മെ കൈ
പിടിച്ചുയർത്തി ലിറ്റിൽ കൈറ്റ്സ് ......
ഇന്ത്യ തൻ ഏറ്റവും വലിയ ഐ.ടി.  കുട്ടി
ക്കൂട്ടായ്മ ലിറ്റിൽ കൈറ്റ്സ്....
ഐ.ടി. മേഖല എന്തെന്നറിയിച്ച ലിറ്റിൽ
കൈറ്റ്സ് .....
ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ
അനന്തമായ ലോകം നമുക്കായി തുറന്നു തന്ന
മുബീന ടീച്ചറും സജിത്ത് സാറും .....
പ്രയാസകരമെന്നു തോന്നിയ പലതും
എളുപ്പമെന്ന് തെളിയിച്ചു തന്നവർ .....
പുതുവഴി താണ്ടും പടവുകളിൽ തളരാതെ
നമ്മെ ഒപ്പം നടത്തിയവർ .....
ഇനിയും താണ്ടാൻ പടവുകളേറെ .....
ഒന്നിച്ചു കുതിക്കാം സാങ്കേതിക വിദ്യയുടെ
മായാ ലോകത്തേക്ക് ...... ..



മുഹമ്മദ് ഹിലാൽ
9B
ചീഫ് എഡിറ്റർ

# EDITORIAL BOARD

## CHIEF EDITORS




Muhammed Hilal.H
IXB



Aadidev Luju
IXD

## SUB EDITORS



Adhil Ahammad
IX D



Aliya T
IX D



Aharva Sunil
IX B



Salu P Kumar
IX C



Nourin S Navas
IX D



Aliya Fathima
IX B



Shakkira.A
IX B



Asiya A
IX B


## COVER DESIGN



Muhammed Hilal.H
IXB

# താളുകളിലൂടെ.........

1. കറുപ്പിന്റെ സൗന്ദര്യം.....................................................................................7
2. പുസ്തകലോകത്തെ മായാത്ത വെളിച്ചം.............................................................8
3. വീട്.....................................................................................................................11
4. കരയുന്ന ജലം.................................................................................................12
5. നിലാവും നക്ഷത്രങ്ങളും....................................................................................13
6. അബദ്ധധാരണകൾ ആപത്ത്...............................................................................15
7. വിസ്മയം............................................................................................................17
8. യുവതലമുറ നേരിടുന്ന ആപത്ത് : മയക്കമരുന്ന്....................................................18
9. കടങ്കഥകൾ.........................................................................................................20
10. എന്റെ വണ്ടർലാ ട്രിപ്പ്..........................................................................................21
11. കേരളം..............................................................................................................23
12. കുഞ്ഞിക്കിളിയും തള്ളപ്പൂച്ചയും ..........................................................................24
13. കൂട്ടുകാർ............................................................................................................27
14. അനുഭവക്കുറിപ്പ്.................................................................................................28
15. യാത്രാവിവരണം..................................................................................................29
16. ആസ്വാദനക്കുറിപ്പ് - പൂക്കാതിരിക്കാനെനിക്കാവതില്ലേ.....................................30
17. عالم الكمبيتر ..................................................................................... 31
18. THE PERFECT FATHER........................................... 32
19. Who Is A Real Friend?..............................................................33
20. FULL FORM.......................................................................................34
21. NATURAL DISASTERS.......................................................................36
22. THE KEY TO SUCCESS........................................................................37
23. THE LOVING MONSTER. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 39
24. *Nature*.........................................................................................*40*
25. **AIM OF THE STUDENTS**.........................................................41
26. കൂട്ടുകാരുടെ വരവർണ്ണങ്ങൾ...................................................................42
27. We..........................................................................................................52
28. കെ.കെ.എം.ഗവ:വി.എച്ച്.എസ്.എസ്. മികവിന്റെ കേന്ദ്രം.......................................53
29. നന്ദി..........................................................................................................54



# കറുപ്പിന്റെ സൗന്ദര്യം

കൂരിരുട്ടിൽ കീടാത്തി നീ എങ്കിലും
പാരിലെ ശ്യാമള വർണരൂപം
ചീത്തകൾ കൊത്തിവലിക്കുന്നോളെങ്കിലും
പൂത്തിലഞ്ഞി കൊമ്പിൽ കൂട്ടുകൂട്ടും

ഉണരുമുഷസ്സിൽ നിൻ താരനാദം
ഉണർത്തുന്നു ഗ്രാമത്തെയാകമാനം
ബലിച്ചോറു കൊത്തിപ്പറക്കും കാക്കേ
പുളിമരകൊമ്പോ നിനക്ക് പ്രിയം ?

വിരുന്നു വിളിക്കുന്നോളാണു നീ എങ്കിലും
കള്ളകണ്ണിട്ടു നോക്കുന്നതെന്ത് ?
ഉള്ളിലടുപ്പത്ത് മൺകലത്തിൽ
തുള്ളിക്കളിക്കുന്ന ചോറു കണ്ടോ ?



Husna Fathima
IX B

# പുസ്തകലോകത്തെ മായാത്ത വെളിച്ചം

വെറുതെ ഒരു പുസ്തകമെടുത്തു നോക്കൂ. പുതിയ പുസ്തകത്തിന് നല്ല മണമില്ലേ? പിന്നെ കുറേശ്ശെ വായിച്ചുനോക്കൂ. രസം തോന്നുന്നുണ്ടോ? തോന്നിയാൽ നിങ്ങൾ മറ്റെല്ലാം നിർത്തിവെച്ച് വായന

തുടർന്നുകൊള്ളും. 'ഇത് എന്റെ ടീച്ചർ വർഷങ്ങൾക്ക് മുമ്പ് ഞങ്ങൾ കുട്ടികളോടായി പറഞ്ഞകാര്യം. ഇത്തരത്തിൽ വായിച്ചുതുടങ്ങി, എന്നെ വല്ലാതെ ആകർഷിച്ച കൃതിയാണ് പ്രസിദ്ധസാഹിത്യകാരി മാധവിക്കുട്ടിയുടെ "നീർമാതളം പൂത്ത കാലം"




ഒരു പ്രത്യേകകാലത്തെ സൂചിപ്പിക്കുന്ന പേരാണ് തന്റെ കൃതിക്ക് ഗ്രന്ഥകാരി നൽകിയിട്ടുള്ളതെങ്കിലും ഉള്ളടക്കം

അത്തരമൊരു ഒതുക്കി നിർത്തലിന് വിധേയമാകുന്നില്ല. പല തലമുറകളുടെ കഥകൾ സ്വജീവിതവുമായി അനുവാചകർക്കു നൽകുന്ന രീതിയെ ആണ് കൃതിയിൽ കാണാൻ കഴിയുക ; മാധവിക്കുട്ടി എന്ന മലയാളിയുടെ പ്രിയപ്പെട്ട ആമിയെ ആദരവോടെ ഓർക്കാനും കൃതികളെ സ്നേഹത്തോടെ സ്വന്തമാക്കാനും, സൂക്ഷിക്കാനും എന്താണ് കാര്യമെന്ന് സ്വയം ചോദിച്ച് ഉത്തരം കിട്ടാതെ ഞാൻ

അസ്വസ്ഥതയായിട്ടുണ്ട്. എന്നാൽ ഒരു കാര്യം ഉറപ്പ് സ്നേഹിക്കുന്നതിലും സ്നേഹിക്കപ്പെടുന്നതിലും ഒരു പോലെ ആഹ്ലാദം കാണുന്ന ഒരു സാധാരണ മനുഷ്യന് സ്നേഹത്തെപ്പറ്റി തികച്ചും നൂതനമായ വീക്ഷണങ്ങളും വളരെ ധീരമായഅഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുള്ള മാധവികുട്ടിയെ

സ്നേഹിക്കാതിരിക്കാൻ ഒരിക്കലും കഴിയില്ല.. നാലപ്പാട്ട് തറവാടിനെക്കുറിച്ച് പറഞ്ഞു തുടങ്ങുന്ന ഗ്രന്ഥകാരിക്ക് ആ അന്തരീക്ഷം എത്രമാത്രം പ്രിയപ്പെട്ടതായിരുന്നു എന്ന പിന്നീടങ്ങോട്ടുള്ള വായനയിൽ തെളിയുന്നു. താൻ ജനിക്കുന്നതിനു മുമ്പേ സ്വർഗസ്ഥരായ കുടുംബാംഗങ്ങളുടെ വിവരവും വിശേഷവുമൊക്കെ പങ്കുവെക്കുന്ന ആദ്യ ഭാഗങ്ങളിൽ ചരിത്രാന്വേഷണകുതുകികൾക് വേണ്ടായെന്ന പോലെ ആ കാലത്തെ സാമൂഹിക സാംസ്കാരിക അന്തരീക്ഷം എന്തെന്ന് വെളിപ്പെടുത്തുക കൂടി ചെയ്യുന്നുണ്ടവർ. കുടുംബത്തിലെ ഒരു കുട്ടിക്ക്കിട്ടിയേക്കാവുന്നസ്നേഹവാത്സല്യങ്ങളും ഉപദേശ നിർദ്ദേശങ്ങളുമൊക്കെ ഈ കൃതിയിൽ പറയുന്നുണ്ട്. ചെറുപ്പത്തിൽ ഒരു ഒഴിവുകാലത്ത് തറവാട്ടിലെത്തിയ കമല എന്നകൊച്ചുമാധവിക്കുട്ടി അമ്മായി കുട്ടിയോപ്പുവിനോപ്പം ഒരു ധനുമാസപ്പുലരിയിൽ തിരുവാതിര കുളിച്ചു കയറി വിശേഷങ്ങൾ പങ്കുവെക്കുന്ന ഭാഗം അസ്സലായിട്ടുണ്ട്.ഗ്രാമനഗരജീവിതങ്ങൾ ഇരുളും വെളിച്ചവുമെന്ന പോലെ മാറിമാറിവരുന്നത് വായനയ്ക്ക് ഒരു പ്രത്യേക



സുഖം പകരുന്നുണ്ട്. തിരക്കുള്ള നഗരജീവിതത്തിൽ അച്ഛനമ്മമാരുടെ ജീവിതത്തിലേക്ക് കയറിപ്പോകാനാകാത്ത സ്ഥിതി കുട്ടികൾക്കുണ്ടായാൽ അവർ പണിക്കാരുടെ ലോകത്തു കയറിക്കൂടും.

കൽക്കട്ടയിൽകൊച്ചുമാധവിക്കുട്ടിയുടെ ലോകവും മറ്റൊന്നുമായിരുന്നില്ല. അതുകൊണ്ടാവാം ധനികരുടെ സ്വന്തമെന്ന് പറയാവുന്ന പുറം മോടിയും പൊള്ളത്തരവും അവരുടെ വാക്കുകളിൽ തീരെ കടന്നുവരാത്തതും അവരുടെ രചനകളിൽ ഗ്രഹാതുരത്വത്തിന്റെ വിങ്ങലുകൾ മിന്നിമറയുന്നത് കാണാം ഈ കൃതി വായിക്കവെ ഞാനൊരു യാഥാർഥ്യം തിരിച്ചറിയുകയായിരുന്നു ഒരു വീടിന്റെ പ്രൗഢി ചുറ്റും വളർന്നു പന്തലിച്ചു നിൽക്കുന്ന മരങ്ങളിലും കൂടി പണ്ടുള്ളവർ കണ്ടിരുന്നു എന്ന യാഥാർഥ്യം. ഈ വസ്തുത, മരങ്ങൾ വഴിമുടക്കികളായി കണ്ട് വെട്ടിമാറ്റാൻ ഏത് ത്യാഗവും സഹിക്കുന്ന ഇന്നത്തെ തലമുയ്ക്ക് കൗതുകമായിരിക്കും ഏതായാലും വായനയിൽ നിന്ന് മലയാളിയുടെ മനസ്സിലേക്ക് പറിച്ചുനട്ട ചുരുക്കം ചില മരങ്ങളേയുള്ളൂ ഇമ്മിണി ബല്യൊരു ചിരി

പകർന്ന് സുൽത്താന്റെ
ഓർമ്മകളുണർത്തുന്ന മാങ്കോസ്റ്റിൻ മരമാണ്
ഒന്ന്, മറ്റൊന്ന് അനുഭവങ്ങളുടെ ഗന്ധം
പരത്തുന്ന പൂക്കൾ, വായനക്കാരന്റെ
മനസ്സിലേക്ക് ചൊരിഞ്ഞ നാലപ്പാട്ടെ
പാമ്പിൻകാവിലെ നീർമാതള മരവും
മനസ്സിലുള്ളത് മറച്ചുവെക്കാതെ
തുറന്നുപറയുന്ന കുട്ടികളുടെ സ്വഭാവം
തന്നെയായിരുന്നു മാധ്യവിക്കുട്ടിക്കും അതു
തന്നെയാവണം എന്നെപോലെ പലരും
അവരുടെ കൃതികളിലേക്ക്,
രചനശൈലിയിലേക്ക് അടുപ്പിക്കുന്നതും
വാക്കുകൾ പലവിധഅവഹേളനങ്ങൾ
നൽകാൻ മിനക്കെടുന്ന നൃനപക്ഷത്തിനും
മനസ്സുകൊണ്ട് ആ കളങ്കമില്ലാത്ത
നക്ഷത്രത്തെ ആദരിക്കാതിരിക്കാനാവില്ല....



Asiya A
IX B

# വീട്



ഞങ്ങൾക്കുണ്ടൊരു ഗ്രാമം
അതിലുണ്ടൊരു കൊച്ചുവീട്
പുലരിയും സന്ധ്യയും ഉമ്മവെച്ചീടുന്ന വീട്
വീടിന്റെ മുറ്റത്തുണ്ടൊരു പൂന്തോട്ടം
കൊച്ചു ചെടികളും വല്യ മരങ്ങളും
കാറ്റിൽ മുട്ടിയുരുമ്മുന്ന പൂന്തോട്ടം
വർണ്ണപൂക്കൾ വിടർത്തി
മാടിവിളിക്കുന്ന പൂഞ്ചെടികൾ
പക്ഷികൾ,ശലഭങ്ങൾ, പൂത്തുമ്പികളും
തേൻനുകരുന്നൊരു പൂന്തോട്ടം.
പരസ്പരസ്നേഹവും,ദുഃഖവും, സന്തോഷവും,
എല്ലാമുള്ളൊരു വീട്
ഇവിടെ വിരിയുന്ന സ്വപ്നങ്ങൾ
സന്തോഷത്തോടൊപ്പം വിരിയട്ടെ
നല്ലപ്രതീക്ഷകൾ ഈ വീട്ടിൽ.



Gautham Dileep
IX D



# കരയുന്ന ജലം

മരിക്കുന്ന പുഴകൾ
നികരുന്ന  ജലാശയങ്ങൾ
തടയുന്ന  നീരൊഴുക്കുകൾ
മലിനമാക്കുന്ന നാം മനുഷ്യർ
തകർക്കുന്ന ജല ശ്രോതസ്സുകൾ
ഫാക്ടറികൾ വിഷം നിറയ്ക്കുന്ന
കുന്നിടിച്ച്, പുഴ നികത്തി
പണിതുയർത്തുന്ന
നാം രമ്യഹർമ്മങ്ങൾ

കിണറും, കുളവും, പുഴയും നമുക്കിന്ന്
അന്യം
കുടിച്ചു തീർക്കുന്ന കുപ്പികളിൽ വിഷം
നാം ഇഞ്ചിഞ്ചായി മരിക്കുമ്പോൾ
എവിടെനിന്ന് എവിടെനിന്ന്
അവസാനത്തുള്ളിക്കായി നമുക്ക്
ഒരിറ്റ് ദാഹജലം?



G.S Darsh
VIII C

# നിലാവും നക്ഷത്രങ്ങളും



ചാന്ദ്നി ,

നിലാവിനെപ്പോലെ ചിരിച്ച കുഞ്ഞേ

നിന്റെ കാഴ്ചകൾക്കു നേരെ

ഞാൻ കണ്ണടച്ചു പിടിക്കുന്നു.

കാറ്റ് പോലും മൗനിയായപ്പോൾ

ചൂളം വിളി പോലെ ജിഷ കടന്നുപോയ്.

വന്ദനയും ,നക്ഷത്രയും എരിഞ്ഞടങ്ങി.

എന്നോ കാണാൻ തുടങ്ങിയ കാഴ്ചകൾ.

ക്യാമറ നിന്നിലേക്ക് തിരിയുമ്പോഴും

കാഴ്ചകളും കാഴ്ചപ്പാടുകളും

മാറാതെ തുടരുന്നു.

തലക്കെട്ടുകളിലെ പേരുകൾ മാത്രം മാറുന്നു.
ആദികാവ്യത്തിലൊഴുകാൻ തുടങ്ങിയ കണ്ണുനീർ
അനുസ്യൂതം തുടരുന്നു.
ബ്രേക്കിങ്ങും ലൈവും ചർച്ചയും കഴിഞ്ഞ്
നമ്മൾ വീണ്ടും ഒട്ടകപക്ഷിയെപോലെ
തലപൂഴ്ത്തിവെക്കുന്നു.
എന്റെ ലോകം എന്നിലേക്ക്  ചുരുങ്ങുന്നു.
ചുറ്റുമുള്ളതൊന്നും കാണാതിരിക്കാൻ
എന്റെ കണ്ണ് ഞാൻ തന്നെ മുടിക്കെട്ടും
ഗാന്ധാരിയെപോലെ വിലപിക്കും
ഒടുവിൽ ഞാൻ എന്നെത്തന്നെ ആശ്വസിക്കുന്നു
യഥോ ധർമ്മസ്തതോ ജയ:



Rajasree V.R
UPS Teacher

# അബദ്ധധാരണകൾ ആപത്ത്

ആർക്കും തോൽപ്പിക്കാനാകാത്ത മികച്ച പടയാളി ആയിരുന്നു അദ്ദേഹം. തൻറെ കാലശേഷവും തൻറെ വൈദഗ്ധ്യമുള്ള ഒരു പടയാളി വേണമെന്ന് ആഗ്രഹിച്ച് രാജ്യത്തെ യുവാക്കൾക്ക് അദ്ദേഹം പരിശീലനം നൽകാൻ തുടങ്ങി. അതിൽ ഏറ്റവും മിടുക്കനായ ആളെ കണ്ടെത്തി ആ യുവാവിന് തൻറെ മികവ് മുഴുവനും കൈമാറി. വർഷങ്ങൾക്കു ശേഷം യുവാവിന് ഗുരുവിനെ തോൽപ്പിച്ച് പേരെടുക്കണമെന്ന ആഗ്രഹം തോന്നി.ഗുരു വെല്ലുവിളി സ്വീകരിച്ചു. പരസ്യപോരാട്ടത്തിൻറെ സമയമടുക്കുന്തോറും ശിഷ്യനു സമ്മർദമേറി. തന്നെ പഠിപ്പിക്കാത്ത എന്തെങ്കിലും അടവ് ഉപയോഗിച്ച് ഗുരു തന്നെ തോൽപ്പിക്കുമോ. ഒരു ദിവസം ഗുരു ഇരുമ്പുപണിക്കാരൻറെ അടുത്തെത്തി 15 അടി നീളമുള്ള വാളുറ പണിയുന്നത് ശിഷ്യൻ കണ്ടു.

അത്രയും നീളമുള്ള വാളുപയോഗിച്ച് തന്നെ ദൂരെനിന്ന് കൊല്ലാനാണ് ശ്രമമെന്ന് കരുതി ശിഷ്യൻ 16 അടി നീളമുള്ള വാളും അറയും ഉണ്ടാക്കി. മത്സരദിവസം നൊടിയിടയിൽ ഗുരു വാളൂരി ശിഷ്യൻറെ കഴുത്തിൽ വച്ചു. ശിഷ്യൻ അപ്പോഴും തൻറെ നീളമുള്ള വാൾ ഉറയിൽ നിന്ന് ഊരാനുള്ള ശ്രമത്തിലായിരുന്നു. വലിയ ഉറയിൽ ഗുരു ഇട്ടിരുന്നത് സാധാരണ വാൾ ആയിരുന്നു.

അബദ്ധധാരണകളായിരിക്കും അനുഭവങ്ങളില്ലാത്തവരുടെ ഭ്രമണ പഥം. പരിശീലനക്കളരികളിൽ നിന്നു ലഭിക്കുന്നത് അടിസ്ഥാന അറിവ് മാത്രമാണ്. വൈദഗ്ധ്യം സ്വയം ശിക്ഷണത്തിലൂടെ രൂപപ്പെടുന്നതാണ്. ബാലപാഠങ്ങളിൽ ചവിട്ടിനിന്ന് അവനവൻ ആർജിക്കേണ്ടതാണ് പ്രാഗല്ഭ്യം. അത് സ്വന്തം അഭിരുചിക്കും മെയ്വഴക്കത്തിനും ആവശ്യങ്ങൾക്കുമനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

മുന്നേറാനുള്ള മാർഗങ്ങളും പ്രതിരോധിക്കാനുള്ള മാർഗങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. ശരീരപ്രകൃതിക്കനുസരിച്ചും മാനസിക നിലയ്ക്കനുസരിച്ചും അടവുകൾ മാറേണ്ടി വരാം. അപരൻ വിജയിച്ച മേഖലകളും വഴികളും കണ്ടെത്തി അതുപോലെ യാത്ര ചെയ്യുന്നവർക്കെല്ലാം അതേ അനുഭവങ്ങൾ ഉണ്ടാകണമെന്നില്ല. എന്തെങ്കിലും അറിഞ്ഞാൽ എല്ലാമറിഞ്ഞു എന്ന ചിന്തയാണ് തുടർപഠനങ്ങളെ നിരോധിക്കുന്നത്. ഓരോ അറിവും കൊടുമുടിയുടെ അഗ്രമായി വ്യാഖ്യാനിക്കുന്നവർ തങ്ങളുടെ പഠനം ആദ്യപടിയിൽ തന്നെ അവസാനിപ്പിക്കും. പാഠങ്ങളെല്ലാം തുടരന്വേഷണത്തിന്റെ പടവുകളായി കരുതുന്നവർ മാത്രമാണ് അനുഭവങ്ങളിലേക്ക് സഞ്ചരിക്കുക.



Aliya
IX-D

# വിസ്മയം

## അടിസ്ഥാന ഗണിത ശേഷി ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

## കെ കെ എം ജി വി എച്ച്എസ്എസ് ഇലിപ്പകുളം

യുപി വിഭാഗത്തിൽ നടപ്പാക്കിയ അടിസ്ഥാന ഗണിതശേഷി ഉറപ്പാക്കൽ പദ്ധതിയുടെ പേരാണ് വിസ്മയം

ജൂൺ ആദ്യവാരം തന്നെ അടിസ്ഥാന ഗണിത ശേഷി കണ്ടെത്തുന്നതിനായി പ്രീ ടെസ്റ്റ് നടത്തി അടിസ്ഥാന ഗണിത ശേഷി കുറവുള്ള കുട്ടികളെ കണ്ടെത്തി



1. ഒറ്റഅക്ക സംഖ്യകളുടെ സങ്കലനം
2. രണ്ടക്ക സംഖ്യകളുടെ സങ്കലനം ശിഷ്ടം വരുന്നത്
3. മൂന്നക്ക സംഖ്യകളുടെ സങ്കലനം
4. ഇതുപോലെതന്നെ ഓരോ അക്കങ്ങളുടെയും വ്യവകലനം
5. ഗുണനം
6. ഹരണം

എന്നീ ചതുഷ്ക്രിയകളുടെ കുട്ടികളിലുള്ള പോരായ്മ കണ്ടെത്തി വിവിധ മാർഗങ്ങൾ ഉപയോഗിച്ച് പരിഹാരബോധനം നടത്തി

ജൂൺ മാസത്തിൽ നടത്തിയ പ്രീ ടെസ്റ്റിൽ യുപി വിഭാഗത്തിലെ 70(23%) കുട്ടികളോളം അടിസ്ഥാന ഗണിത ശേഷിയിൽ പിന്തുണ ആവശ്യമുള്ളവർ ആയിരുന്നു

ജൂൺ, ജൂലൈ മാസങ്ങളിൽ രാവിലെ 9 മുതൽ 10 വരെയും മറ്റു സമയങ്ങളിലും അധ്യാപകരുടെ ഇടപെടലിലൂടെ

വിവിധ രീതിയിലുള്ള പഠന സമ്പ്രദായങ്ങൾ ഉൾപ്പെടുത്തി

1.പ്രക്രിയ അധിഷ്ഠിതമായ പഠനം
2. കൂട്ടുകാരിലൂടെയുള്ള പഠനം
3. സെമിനാർ
4. കളികളിലൂടെ ഉള്ള പഠനം
5. സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പഠനം

ജൂലൈ മാസം പൂർത്തിയാകുമ്പോൾ അടിസ്ഥാനശേഷി പിന്തുണ ആവശ്യമുള്ള കുട്ടികൾ 26 ആയി കുറഞ്ഞിട്ടുണ്ട്


ഈ പ്രവർത്തനം തുടർന്ന് മുഴുവൻ വിദ്യാർഥികൾക്കും അടിസ്ഥാന ഗണിത ശേഷി ഉറപ്പാക്കുവാൻ പരിശ്രമിക്കുന്നതാണ്.

ഗണിത ക്ലബ്ബിനു വേണ്ടി,

Rajesh R
UPS Teacher



# യുവതലമുറ നേരിടുന്ന ആപത്ത് : മയക്കമരുന്ന്






മയക്കമരുന്ന് ലോകമെമ്പാടുമുള്ളവ്യക്തികളെയും സമൂഹങ്ങളെയും ബാധിക്കുന്ന ഒരു പ്രശ്നമാണ്. മയക്കമരുന്ന് ഉപയോഗം ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും ആയ അവസ്ഥയെ മാറ്റാൻ കഴിയുന്ന പദാർത്ഥമാണ്. നിയമപരവും നിയമവിരുദ്ധവുമായ പദാർത്ഥങ്ങൾ ഉൾപ്പെടെ വ്യക്തികൾ ഉപയോഗിച്ചേക്കാവുന്ന വിവിധതരം മരുന്നുകൾ ഉണ്ട് . അതിൽ നിയമവിരുദ്ധമയക്കമരുന്നുകളിൽ എം.ഡി. എം.എ, കൊക്കെയ്ൻ , ഹെറോയിൻ , മരിജ്ജുവാന , മെത്താം - ഫെറ്റമൈൻ എന്നിവ ഉൾപ്പെടുന്ന മയക്കമരുന്ന് ഉപയോഗം കാര്യമായ ശാരീരിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കാം. ഈ മയക്ക മരുന്നുകൾ ശരീരത്തെയും മനസ്സിനെ പലതരത്തിൽ ബാധിക്കുന്നു. ഹൃദയമിടിപ്പ് വർദ്ധിക്കുന്നത് ശ്വസന പ്രശ്നം തുടങ്ങിയവയും മനസ്സിനെ ബാധിക്കുന്ന വിഷാദം , ഉദ്കണ്ഠ, ബുദ്ധിഭ്രമം എന്നിവയും സമൂഹത്തിന് ഇടയിലുള്ള തൊഴിലിലും ബാധിക്കുന്ന പ്രശ്നങ്ങളും കള്ളത്തരങ്ങളും കൊലപാതകങ്ങളും പലതരത്തിലുള്ള അപകടങ്ങളും എന്നിങ്ങനെ നീണ്ടുപോകുന്നു. മയക്കമരുന്നിന്റെ അമിതമായി ഉപയോഗം നമ്മുടെ ആയുസിനെ കുറയ്ക്കുന്നു.

പൊതുവിദ്യാഭ്യാസത്തിൽ മയക്കുമരുന്നിന്റെ ദുരുപയോഗം തടയുന്നതിന് ബോധവൽക്കരണ പരിപാടികൾ നടത്തേണ്ടതാണ്. പുതുതലമുറയെ മയക്കുമരുന്നിന്റെ ദുരുപയോഗത്തിൽ നിന്നും അകറ്റിയാൽ മാത്രമേ ഒരു നല്ല നാളെ നമുക്ക് പ്രതീക്ഷിക്കാനാവൂ. ഇതിനായി സ്കൂൾ പരിസരങ്ങളിൽ മയക്കുമരുന്ന് ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടത് നമ്മളുടെ ഓരോരുത്തരുടെയും കടമയാണ്. സ്കൂളുകളിൽ വിദ്യാർത്ഥികൾ ഉപയോഗിക്കുന്നുണ്ട് എന്ന് അറിഞ്ഞാൽ അത് ബന്ധപ്പെട്ടവരെ അറിയിക്കുന്നത് ഓരോ വിദ്യാർത്ഥികളുടെയും ഉത്തരവാദിത്തമാണ്. ഈ ലോകത്ത് നിന്ന് തന്നെ മയക്കുമരുന്നിനെ ഇല്ലാതാക്കാൻ നമുക്കൊന്നായി പ്രവർത്തിക്കാം.






Muhammed Hilal.H
IXB

# കടങ്കഥകൾ



ഇപ്പൊക്കുത്തിയ പുത്തൻ കിണറിൽ പത്തഞ്ഞൂറ് കളപ്പരല്

- അരി തിളക്കുന്നത്

അകത്തു പോയപ്പോൾ പച്ച പുറത്തുവന്നപ്പോൾ ചുവപ്പ്

- വെറ്റില മുറുക്ക്

ആകാശം മുട്ടെ വളരും മരം കാക്കയ്ക്ക് ഇരിക്കാൻ പറ്റില്ല

- പുക

ജീവനില്ല കാലുമില്ല ഞാൻ എത്താത്ത ഇടവുമില്ല എന്നെ കൂടാതെ നിങ്ങളുടെ ജീവിതം ദുഷ്കരം

- നാണയം

തൊട്ടാൽ പിണങ്ങും ചങ്ങാതി

- തൊട്ടാവാടി



Adil Ahammad
IX-D

# എന്റെ വണ്ടർലാ ട്രിപ്പ്




ഞാനിവിടെ എഴുതുന്നത് എൻ്റെ യാത്ര അതായത് എൻറെ സ്കൂൾ ടൂറുപോയ യാത്ര യാണ്. ഞാൻ രാവിലെ 5:30ന് എഴുന്നേറ്റു കുളിച്ചൊരുങ്ങി ദക്ഷണം കഴിച്ചു. യുണിഫോം ധരിച്ച റെഡിയായി ഞാൻ വീട്ടിൽ നിന്ന് 6:30 ന് ഇറങ്ങി, എൻ്റെ ചേട്ടനും അമ്മയും ആയിരുന്നു എന്നെ കൊണ്ടുവിടാൻ വന്നത്. അങ്ങനെ ഞങ്ങൾ വീട്ടിൽ നിന്ന് സ്കൂളിലേക്ക് തിരിച്ചു. പോകുന്ന വഴിക്ക് വട്ടയ്ക്കാട്ട് അമ്പലത്തിൽ കയറി തൊഴുതനുശേഷം ആണ് സ്കൂളിലേക്ക് കയറിയത് സ്കൂളിൽ കയറിയപ്പോൾ ടീച്ചർ റോൾ നമ്പർ അനുസരിച്ച് ഇരുത്തി എന്നിട്ട് ബസ്സിനുള്ളിലേക്ക് വരിവരിയായി കയറ്റി. അങ്ങനെ വണ്ടി സ്റ്റാർട്ടാക്കി. അമ്മയ്ക്കും ചേട്ടനും ഒക്കെ

ഉമ്മ കൊടുത്തിട്ട് ഞാനും എൻറെ കൂട്ടുകാരൻ അഗ്നിയെയും കൂട്ടി സൈറ്റ് സീറ്റിൽ ഇരുന്നു ഞങ്ങൾ സ്കൂളിൽ നിന്ന് തിരിച്ച് ബസ്സിനുള്ളിൽ നീഹാരയുടെ ഈശ്വര പ്രാർത്ഥന ഒരുങ്ങി

അങ്ങനെ കുറച്ചു താഴെ പോയപ്പോൾ ബസ്സിൽ പാട്ടൊക്കെ ഇട്ട് അടിച്ചുപൊളിച്ചാണ് പോയത് ട്രാഫിക് ഒന്നുമില്ലാത്തതുകൊണ്ട് സുഖമായിരുന്ന് പോകാൻ പറ്റി കൊച്ചി എത്തിയപ്പോൾ അവിടുത്തെ വലിയ വലിയ ഫ്ലാറ്റുകൾ കണ്ടു ഞങ്ങളുടെ ബസിന്റെ പുറകിൽ കിച്ചു എന്ന പേരുള്ള ഒരു ടൂറിസ്റ്റ് ബസ് കുറെ നേരമായി ഞങ്ങളെ ഓവർടേക്ക് ചെയ്യാൻ നോക്കുന്നു. സമയം പത്തര ഞങ്ങൾ പെട്രോൾ പമ്പിൽ എത്തി അവിടെ എല്ലാവരുടെയും രാവിലത്തെ ഭക്ഷണം എടുത്തിരുന്ന കഴിച്ചു

കഴിഞ്ഞ് യാത്ര വീണ്ടും തുടർന്നു കുറച്ചു ദൂരം കഴിഞ്ഞപ്പോൾ ഞങ്ങൾക്ക് എത്തേണ്ട സ്ഥലത്ത് ഞങ്ങൾ എത്തി സമയം ഒന്നര ഞങ്ങൾ വണ്ടർലായിൽ എത്തി ഞങ്ങളെ സ്കൂളിൽ അനുസരിച്ച് കടത്തിവിട്ടു എന്നിട്ട് ലോക്കർ മുറിയിലേക്ക് എത്തി ഞങ്ങൾ കൊണ്ടുവന്ന ബാഗ് അതിന്റെ അകത്ത് വെച്ച് ഡ്രസ്സ് ഞങ്ങളെ സിമ്മിങ് പൂളിലേക്ക് എത്തിച്ചു കുറേ വാട്ടർ റൈഡുകൾ ഉണ്ടായിരുന്നു അത് കഴിഞ്ഞ് എൻറെ കൂട്ടുകാരൻ കാണാനില്ലായിരുന്നു കുറച്ചു കഴിഞ്ഞപ്പോൾ അവൻ ഞങ്ങളെ അന്വേഷിച്ചു വന്നു ഞങ്ങളെ സ്കൂള് അനുസരിച്ചു നിർത്തി ലൈറ്റുകൾ തന്നു ബിരിയാണിയായിരുന്നു ഉച്ചഭക്ഷണം ഞങ്ങൾ എന്നിട്ട് കുറച്ചു റൈഡുകളിലും കയറി എനിക്ക് ഇഷ്ടപ്പെട്ട റൈഡ് വാട്ടർ സ്ലൈഡിങ് ആയിരുന്നു 5:30 ആയപ്പോൾ ഞങ്ങളെ വിളിച്ചു പുതിയ ഡ്രസ്സ് ഇട്ട് റെഡിയായി ബസ് വന്ന് വണ്ടർലായോട് ടാറ്റാ പറഞ്ഞ് തിരിച്ചു ബസ്സിൽ പാട്ടിട്ട് ഞങ്ങൾ തുള്ളി നല്ല രസമായിരുന്നു 8:45 ആയപ്പോൾ ഞങ്ങൾക്ക് ഭക്ഷണം തന്നു ചായ കുടിച്ചു അങ്ങനെ ഞങ്ങൾ 11:30 ആയപ്പോൾ സ്കൂളിൽ തിരിച്ചെത്തി. ഞങ്ങളെയും കാത്ത് അച്ഛനും അമ്മയും കാത്തിരിക്കുന്നുണ്ടായിരുന്നു ഞങ്ങൾ

വരുന്നത് കണ്ട് അവർക്ക് സന്തോഷമായി ബസ്സിൽ നിന്നിറങ്ങി അമ്മയുടെയും ചേട്ടന്റെയും അടുത്തേക്ക് ഓടിച്ചെന്നു വണ്ടിയെടുത്ത് വീട്ടിലേക്ക് പോയി വിശേഷങ്ങൾ പറഞ്ഞു ഉറങ്ങിപ്പോയത് അറിഞ്ഞില്ല എന്റെ ജീവിതത്തിലെ ഏറ്റവും നല്ല യാത്രയാണിത് എനിക്ക് ഒരുപാട് സന്തോഷമായി



Arjun.S
7.B

# കേരളം




ഇന്ത്യയുടെ തെക്കുപടിഞ്ഞാറേയറ്റത്തുള്ള സംസ്ഥാനമാണ് കേരളം. അറബിക്കടലിനും സഹ്യപർവ്വതത്തിനും ഇടയിലായി കിടക്കുന്ന ഈ പ്രദേശത്തിന് 38863 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ട്. മലയാളം മാതൃഭാഷയായിട്ടുള്ള കേരളം ദക്ഷിണേന്ത്യയെന്നു വിളിക്കപ്പെടുന്ന ഭാഷ-സാംസ്കാരിക് മേഘലയിലെ നാലു സംസ്ഥാനങ്ങളിൽ ഒന്നാണ്. തമിഴ് നാടും കർണാടകവുമാണ് കേരളത്തിന്റെ (അരങ്ങചേരി) സംസ്ഥാനങ്ങൾ. പോണ്ടിച്ചേരി (പ്ര. യുടെ ഭാഗമായ മയ്യഴി (മാഹി) കേരളത്തിനുള്ളിൽ സ്ഥിതി ചെയ്യുന്നു. പടിഞ്ഞാറ് അറബിക്കടലിലുള്ള ലക്ഷദ്വീപുകൾ കേന്ദ്രഭരണ പ്രദേശമാണെങ്കിലും ഭാഷാപരമായും സാംസ്കാരികമായും കേരളത്തോട് അഭേദ്യമായ ബന്ധം പുലർത്തുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് വിവിധ രാജാക്കന്മാർക്കു കീഴിലുള്ള നാട്ടുരാജ്യങ്ങളായിരുന്നു കേരളം. 1949 ജൂലൈ ഒന്നിന് തിരുവിതാംകൂർ, കൊച്ചി സംസ്ഥാനം രൂപവത്കരിച്ചു. ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ മദ്രാസ് സംസ്ഥാനത്തെ (തമിഴ്നാട്) ഒരു ജില്ലയായിരുന്ന മലബാർ പിന്നീട് തിരു-കൊച്ചിയോടു ചേർത്തതോടെ 1956 നവംബർ ഒന്നിന് ഇന്നത്തെ കേരള സംസ്ഥാനം നിലവിൽ വന്നു.

Alfiya-T
IX-C



# കുഞ്ഞിക്കിളിയും തള്ളപ്പൂച്ചയും



തലേന്ന് രാത്രി പെയ്ത മഴയുടെ തുള്ളികൾ ശംഘുപുഷ്പത്തിന്റെ ഇലകളിൽ തങ്ങി നിൽക്കുന്നതും നോക്കി ചായയും കുടിച്ച ഇരിക്കുമ്പോൾ ആണ് അമ്മയുടെ വിളി. "കൊച്ചെ സമയം എത്ര ആയി എന്ന് വല്ല ബോധവും ഉണ്ടോ? ആറര ആയി, ഇന്ന് ക്ളാസ്സിനു പോകണ്ടേ? ഈ ആറര വിളി പതിവുള്ളതാണ്, ഇതിനു ഒരു ഉത്തരം 'അമ്മ പ്രതീക്ഷിക്കുന്നില്ല എന്നും എനിക്കറിയാം. കൃത്യം ആറരക്കാണ് ഈ വിളി എന്നാരും കരുതരുത്. അമ്മയുടെ മനസ്സിൽ ആറര ആയി അത്രയേ ഉള്ളൂ, ക്ലോക്ക് കാണിക്കുന്നത് ആറേകാലോ ആറേമുക്കാലോ ഒക്കെ ആകും.

അപ്പോളാണ് ശംഘുപുഷ്പത്തിന്റെ ഇടയിൽ നിന്നും ഒരു 6 തൂങ്ങിക്കിടന്നു ആടുന്നത് ഞാൻ കണ്ടത്. ഇനി 6 മണിയുടെ പ്രാധാന്യത്തെപ്പറ്റി ഓർമ്മിപ്പിക്കാൻ അമ്മയുടെ വല്ല ആർട്ട് ഇൻസ്റ്റലേഷനും ആണോ? 'അമ്മ ഇത്ര വലിയ കലാകാരിയോ?' എന്ന് ചിന്തിച്ച നിൽക്കുമ്പോൾ ആണ് ഒരു ചില ചിൽ ശബ്ദവും കേട്ടത്. 6 പോലെ ഒരു നാരും കൊക്കിൽ ഒതുക്കി ഒരു കുഞ്ഞിക്കിളി ശംഘുപുഷ്പത്തിൻറെ വള്ളിയിൽ ബാലൻസ് ചെയ്യുന്നു. ഈ പരിസരത്ത് ആളെ മുൻപ് കണ്ടിട്ടില്ല, ഇതാരപ്പാ ഒരു കുടിയേറ്റക്കാരൻ ? ശ്രദ്ധിച്ച നോക്കിയപ്പോൾ രണ്ട് പേരുണ്ട് ,ഒരു കൂടിന്റെ പണി ആണ് നടക്കുന്നത്. എന്നെ കണ്ടത് കൊണ്ടാകണം, രണ്ട് പേരും അനങ്ങാതെ ഇരിപ്പാണ് . അമ്മയുടെ അടുത്ത വിളി വരുന്നതിനു മുന്നേ ഞാൻ സ്ഥലം കാലിയാക്കി.

വൈകിട്ട് സ്കൂളിൽ നിന്നും വന്ന ബാഗും കട്ടിലിലേക്ക് എറിഞ്ഞു നേരെ ഓടിയത് ശംഘുപുഷ്പത്തിൻറെ അരികിലേക്ക് ആണ്. എന്നേക്കാൾ മുന്നേ ചേട്ടൻ അവിടെ ഹാജർ, മൊബൈൽ കാമറയിൽ ഫോട്ടോ എടുക്കാനാണ് ശ്രമം. മൊബൈലും ആയി എന്റെ അടുത്തേക്ക് വന്ന ചേട്ടൻ എടുത്ത ഈ കിളികളുടെ രണ്ട് ഫോട്ടോയും എന്നെ കാണിച്ചു. 'രാവിലെ പോകുമ്പോൾ ഈ ചങ്ങായി ഇവിടെ ഇല്ലായിരുന്നല്ലോ? നാളെ കോളേജിന് അവധി ആണോ ?' അങ്ങിനെ ചിന്തിച്ചു നോക്കുമ്പോൾ കിളികളെയും കാണാനില്ല, ചുറ്റും നോക്കിയപ്പോൾ ദൂരെ വേപ്പുമരത്തിന്റെ കൊമ്പിൽ ഇരിപ്പുണ്ട് രണ്ട് കിളികളും, ചേട്ടന്റെ ഫോട്ടോഗ്രാഫി അവയ്ക്ക് അത്ര പിടിച്ച മട്ടില്ല, ചേട്ടനെ ഇവിടന്ന ഓടിച്ചാലേ കൂടിന്റെ പണി തുടരാൻ അവർ വരൂ എന്നും മനസിലായി, 'ചേട്ടാ അപ്പച്ചീടെ വീട്ടിലെ പൂച്ച പ്രസവിച്ചു, നാല് കുഞ്ഞുങ്ങൾ'. അത് കേട്ട പാതി ചേട്ടൻ പൂച്ചക്കുഞ്ഞിനെ കാണാൻ ഓടി. അൽപനേരം ദൂരെ മാറി നിന്നപ്പോൾ കിളികൾ കൂട് പണി തുടർന്നു .

ആഴ്ചകൾ കടന്നു പോയി, കൂട്ടിൽ നിന്നും കുഞ്ഞുങ്ങളുടെ കരച്ചിൽ കേൾക്കാൻ തുടങ്ങി. അവ പുറത്തേക്കു ഇറങ്ങുന്നതും കാത്തു ദിവസവും ഞാൻ പോയി നോക്കാറും ഉണ്ടായിരുന്നു.

അങ്ങിനെ ഒരു ദിവസം വൈകുന്നേരം വരുമ്പോൾ ആണ് കൂട്ടിനു താഴെ തള്ളപ്പൂച്ചയെ കണ്ടത്. ആകാശം നോക്കിയുള്ള പൂച്ചയുടെ ഇരിപ്പു കണ്ടപ്പോൾ, തന്നെ മനസിലായി വള്ളിയുടെ മുകളിലെ കിളിക്കൂട്ടിൽ ആണ് പൂച്ചയുടെ കണ്ണ് എന്ന്. പൂച്ചയെ ഓട്ടിച്ച് വിട്ടു ഞാൻ ഉറങ്ങാൻ കിടന്നപ്പോളും ആലോചിച്ചത് രാത്രി ആ പൂച്ച വന്നു കിളിക്കൂട് തകർക്കുമോ എന്നായിരുന്നു, പാവം കിളിക്കുഞ്ഞുങ്ങൾ എന്ത് ചെയ്യും?



കാലത്ത് എഴുന്നേറ്റ് ആദ്യം ഓടിയത് ശംഖുപുഷ്പത്തിന് അടുത്തേക്ക് ആണ്. ആ കാഴ്ച കണ്ട് എനിക്ക് സങ്കടം ആയി , കള്ളപ്പൂച്ച ചെടിയുടെ വള്ളി എല്ലാം വലിച്ച് താഴെ ഇട്ടിരിക്കുന്നു, കൂട്ടും താഴെ കിടപ്പുണ്ട്. ആകെ സങ്കടപ്പെട്ടിരിക്കുമ്പോൾ ആണ് പരിചിതമായ ആ ചിൽ ചിൽ കേട്ടത്. വേപ്പ് മരത്തിന്റെ മുകളിൽ രണ്ട് കുഞ്ഞിക്കിളികൾ , പൂച്ച കൂട് ആക്രമിക്കുന്നതിനു മുന്നേ തന്നെ അവ പുറത്തേക്ക് പറന്നിരുന്നു. ഒരു പക്ഷെ ഇന്നലെ പകൽ എപ്പോഴോ അവ പറന്നിരിക്കാം. അപ്പോൾ അച്ഛൻ കിളിയും അമ്മക്കിളിയും കൂടി അവിടേക്കു പറന്നെത്തി. 'തള്ളപ്പൂച്ച ചമ്മിപ്പോയെ' എന്നും പാടിക്കൊണ്ട് ഞാൻ ഓടി, അമ്മയുടെ വിളി വരുന്നതിനു മുന്നേ തന്നെ. ഈ പെണ്ണിന് എന്ത് പറ്റി എന്ന് സംശയിച്ച് എന്നെയും ക്ലോക്കിനെയും മാറിമാറി നോക്കിയ അമ്മയോട് ഞാൻ പറഞ്ഞു, "ഇപ്പോൾ സമയം ആറു മണി കഴിഞ്ഞ് ഏഴു മിനിറ്റ്."



Gadha Prakash
IX D

# കൂട്ടുകാർ







ഒരിക്കൽ ഒരു കാട്ടിൽ ടിങ്കു എന്ന ജിറാഫ് ഉണ്ടായിരുന്നു. പൊതുവേ ജിറാഫുകൾക്ക് നല്ല നീളം ആണല്ലോ അതുകൊണ്ടുതന്നെ ടിങ്കുവിന് ജിറാഫുകൾ മാത്രമേ കൂട്ടുകാരായി ഉണ്ടായിരുന്നുള്ളൂ ടിങ്കു മറ്റേതെങ്കിലും മൃഗങ്ങൾ കൂട്ടുകാരായി വേണമെന്ന് ആഗ്രഹമുണ്ടായിരുന്നു അതുകൊണ്ട് മറ്റു മൃഗങ്ങൾ കൂട്ടുകാരില്ല എന്ന് പറഞ്ഞ് കളിയാക്കുമായിരുന്നു

അങ്ങനെ ഒരു ദിവസം കാട്ടിലൂടെ നടന്നു പോവുകയായിരുന്നു ടിങ്കു ചിട്ടു മുയലിനെ കണ്ടു. ചിട്ടു വളരെ അഹങ്കാരിയായിരുന്നു മറ്റുള്ളവരുടെ കുറ്റങ്ങൾ കണ്ടുപിടിക്കുന്ന എന്നത് ചിട്ടുവിന്റെ പ്രധാന ജോലിയായിരുന്നു അങ്ങനെയിരിക്കെ ചിട്ടുവിനെ ഒരു ചെന്നായ ഓടിച്ചു. ചിട്ടു ഓടിയോടി കുന്നിൻറെ മുകളിൽ കയറി. മുന്നോട്ടുപോകാനുള്ള പാലം തകർന്നു കിടക്കുകയാണ്. ചിട്ടു നോക്കിയപ്പോൾ പുറകിൽ നിന്ന് ചെന്നായ വരുന്നു. മുന്നിൽ ടിങ്കുവും അക്കരെയായിരുന്നു നിന്നിരുന്നത്. ടിങ്കുവിന് കാര്യം മനസ്സിലായി . ടിങ്കു ചിട്ടുവിനെ  വിളിച്ച് എൻറെ കഴുത്തിൽ കയറിക്കോളാൻ പറഞ്ഞു. ചിട്ടു കയറി. ചെന്നായ തൻറെ ഇരയെ നഷ്ടപ്പെട്ടു എന്ന് മനസ്സിലാക്കിയപ്പോൾ തിരിച്ചുപോയി. തന്റെ കുറവുകളും ഗുണങ്ങളും മനസ്സിലാക്കിയ ചിട്ടുവും ടിങ്കുവും ഇപ്പോഴും ആ കാട്ടിൽ കൂട്ടുകാരായി കഴിയുന്നു

Isolde ZeN
VIIC



# അനുഭവക്കുറിപ്പ്



പ്രിയ കൂട്ടുകാരെ ഞാൻ ആർച്ച എസ്.8 A യിൽ പഠിക്കുന്നു. എൻറെ ജീവിതത്തിൽ ഉണ്ടായ ഒരു അനുഭവമാണ് ഞാൻ ഇവിടെ എഴുതുന്നത് .എൻറെ മനസ്സിൽ സ്വാധീനിച്ച ഒരു അനുഭവം കൂടിയാണിത് .എൻറെ സ്കൂളിൽ ഒരു കുട്ടി പഠിക്കുന്നുണ്ടായിരുന്നു ആ കുട്ടി ഉച്ച ഭക്ഷണം കഴിക്കുന്നില്ല എന്ന് എന്റെ മറ്റൊരു  കൂട്ടുകാരി അറിയാൻ ഇടയായി ആ കൂട്ടുകാരി ആ കാര്യം വീട്ടിൽ വന്ന് അമ്മയോട് പറഞ്ഞു .അപ്പോൾ ആ അമ്മ എന്തുകൊണ്ടാണ് ആ കുട്ടിക്ക് ഉച്ച ഭക്ഷണം കിട്ടാത്തത് എന്ന് അന്വേഷിച്ചു. അപ്പോഴാണ് അറിഞ്ഞത് ആ കുട്ടി ഒരു സാധു കുടുംബത്തിൽ നിന്നാണ് വരുന്നതെന്നു.  അങ്ങനെ ആ അമ്മ തൻറെ മകളുടെ കയ്യിൽ ആ കുട്ടിക്കുള്ള ഭക്ഷണം കൂടി കൊടുത്തുവിടാൻ തുടങ്ങി. അമ്മയുടെയും മക്ളുടെയും നല്ല പ്രവർത്തിയും നല്ല മനസ്സും കണ്ടപ്പോൾ എനിക്ക് വളരെയധികം സന്തോഷമായി .അതുപോലെയുള്ള നല്ല പ്രവർത്തികൾ ചെയ്യണമെന്ന് എനിക്ക് തോന്നുകയും ചെയ്തു .ഇതുപോലെയുള്ള വരെ സഹായിക്കണം എന്നും തോന്നി. ഇതുപോലെയുള്ള നല്ല പ്രവർത്തികൾ ചെയ്യണമെന്ന പ്രചോദനവും ഉണ്ടായി.



Archa.S
VIII A

# യാത്രാവിവരണം




2020 ഡിസംബറിൽ ഞാനും അച്ഛനും അമ്മയും ചിറ്റയും അനിയനും അപ്പായും തമിഴ്നാട് പോകാൻ തീരുമാനിച്ചു. അഞ്ചുമണിക്ക് വീട്ടിൽ നിന്ന് ഇറങ്ങി. മൂന്ന് ദിവസമായിരുന്നു പോകാൻ തീരുമാനിച്ചത്. പ്രഭാത ഭക്ഷണം തെങ്കാശിയിൽ നിന്നായിരുന്നു. തെങ്കാശിലെ പ്രസിദ്ധമായ ഒരു അമ്പലത്തിൽ കയറി. അവിടുത്തെ ശില്പ കലകൾ എത്ര ഭംഗിയായിരുന്നു .എന്നിട്ട് ഞങ്ങൾ സുന്ദര പാണ്ടിപുരത്തേക്ക് പോയി.പകുതി എത്തിയപ്പോൾ ആണ് അറിയുന്നത് സൂര്യകാന്തിയുടെ സീസൺ അല്ലെന്ന്. ഞങ്ങൾ വണ്ടി തിരിച്ചു മധുരയിൽ പോയി. ഭയങ്കര ചൂടാണ് . ജിഗർതണ്ട,പരുത്തിപ്പാൽ ബൺ പൊറോട്ട എന്ന മധുര രുചികൾ ആസ്വദിച്ചു. തമിഴ്നാട്ടിൽ വാഴയിലകളിലാണ് കൂടുതലും ഭക്ഷണം കൊടുക്കുന്നത്. മധുരയിലെ ഒരു ഹോട്ടലിൽ രണ്ട് റൂം എടുത്തു ,പിറ്റേന്ന് രാവിലെ അടുത്തുള്ള ഒരു ഹോട്ടലിൽ നിന്ന് പ്രഭാത ഭക്ഷണം കഴിച്ചു..മധുര മുഴുവൻ ഒരുപാട് ചുറ്റി പക്ഷേ ആ ചുറ്റലും മനോഹരമായിരുന്നു .പിന്നെ കുറെ മ്യൂസിയങ്ങളിലും ക്ഷേത്രങ്ങളിലും കയറി. പ്രധാനമായും പറയേണ്ടത് ഗാന്ധി മ്യൂസിയവും മധുര മീനാക്ഷി ക്ഷേത്രവും ആണ്. കേരളത്തിലെ ക്ഷേത്രങ്ങൾ പോലെയല്ല, നിറയെ ഗോപുരങ്ങളും കൊത്തുപണികളും ഉള്ളതായിരുന്നു അത്. പഴങ്ങളുടെയും പുഷ്പങ്ങളുടെയും ചാറുകൾ കൊണ്ട് വരച്ച ചിത്രങ്ങൾ. പിന്നെ നേരെ ഹോട്ടലിൽ വന്നു കിടന്നുറങ്ങി. പിറ്റേദിവസം ഒരു ക്ഷേത്രത്തിലും കൂടി കയറിയിട്ട് കേരളത്തിലേക്ക് തിരിച്ചു. മധുരയിലെയും തെങ്കാശിയിലെയും ആസ്വദിച്ച രുചികളും കാഴ്ചകളും മനോഹരമാണ്. മനസ്സിന് ഒരുപാട് നല്ല ഓർമ്മകൾ നൽകുന്ന ആ യാത്ര ഇപ്പോഴും മായാതെ എൻറെ മനസ്സിലുണ്ട് .



Isolde ZeN
VII C

# ആസ്വാദനക്കുറിപ്പ് - പൂക്കാതിരിക്കാനെനിക്കാവതില്ലേ



ആധുനിക മലയാളകവിതയിൽ പ്രമുഖനായ അയ്യപ്പപ്പണിക്കരുടെ കവിതയാണ് പൂക്കാതിരിക്കാനെനിക്കാവതില്ലേ.കൊന്ന പൂവിൻ്റെ ആത്മവിചാരം എന്ന മട്ടിലാണ് ഈ കവിത. വിഷുക്കാലം എത്തിയാൽ തനിക്ക് പൂക്കാതിരിക്കാൻ കഴിയില്ല എന്നാണ് കണിക്കൊന്ന പറയുന്നത്.

പ്രഭാതം ഇരുൾതൊപ്പി പൊക്കി പരുക്കെ ചിരിക്കാൻ ശ്രമിക്കുന്നതും കുളിർക്കാറ്റ് വീശിപറക്കുന്നതും ആകാശപറവകൾ ശ്രദ്ധിച്ചു നോക്കുന്നതുമാണ് വീഷുക്കാലത്ത് നീണ്ടയുറക്കത്തിൽ നിന്ന് ഞെട്ടിയുണരുമ്പോൾ കണിക്കൊന്ന കാണുന്നത്. വിഷുക്കാലമെത്തിയതിനാൽ തൻ്റെ നിയോഗത്തെ ഏറ്റെടുക്കാൻ തയ്യാറെടുക്കുകയാണ്, കണിക്കൊന്ന. കൊടുവേനലും അതിശൈത്യവുമെല്ലാം തൻ്റെ ജീവനാഡികളെ തളർത്തിയിട്ടും കണി കാണാൻ കാത്തിരിക്കുന്നവരുടെ ഗുണത്തിനായി കൊന്നമരം മഞ്ഞയണിയുന്നു.അപ്പോഴും കൊന്നമരത്തിൻ്റെ ഉള്ളിൽ നിന്ന് എന്തോ തികട്ടി വരുന്നു.

ഒരു ജനതയുടെ ആഘോഷത്തിമർപ്പിന് സാക്ഷിയാവാൻ,അനുഗ്രഹിപ്പെട്ടത്തിൽ അഭിമാനിക്കുന്ന കൊന്നമരത്തെ നമുക്ക് ഈ കവിതയിൽ കാണാം. പദങ്ങളുടെ പ്രയോഗം കവിതയ്ക്ക് താളഭംഗിയും ആലപനഭംഗിയും കൈവരുത്തുന്നു.



Hanna James
VIIC



# عالم الكمبيوتر

انا نعيش في عالم الكمبيوتر ،ولاكن لا نعرف ايجابياتها و سلبياتها ،نجب علينا ان تربية الاولاد في طريق المستقيم ،ان اكل اولادنا صفحة فيسبوك ويجلس كل وقت امامه وكذلك بشتغل في دردشة و واتساب وتيوتر وانستغرام وغير ذلك ،ونجب علينا عن احءار المواقع ،هذا جزء لا يتجزء من حياننا اليومية حتي صار العالم في قريبة صغيرة ،تساعد علي نقل المعلومات وجمعها،ولاكنعند ا ستخدامها مشاطرة سمع وراي ،وننقر للفلاح فقط .




Raihanath
H.S Arabic Teacher

# THE PERFECT FATHER

I Love you because you're my father
But you're really so much more
You're a guide and a
companion ;
You and I have great rapport



You pay attention to me ;
You listen to what I say
You pass on words of wisdom ,
Helping me along the way

Whenever I'm in trouble,
You always have a plan
you are the perfect father,
And I'm your biggest fan !

F – **FOLLOWER**
A – **ADVISER**
T – **TEACHER**
H – **HONOURABLE**
E – **EDUCATED**
R - **REMINDER**

FATHER



Amrutha Shibu, IX D

# Who Is A Real Friend?

Friends are the blessings of God. Flower means nice, nice, means a friend. Friend ship is a great. A real friends is like a computer. They 'Enters' our life. "Save" us from all difficulties ."Format our problems . Never "delete" our friends from our mind, that' a true friendship. Friend is like a wind we can't see what's Inside their heart. But we can feel their presence every where. A true friend is a medicine when we are in pain. when we become happy or sad, our friend will be with as. That's true "friendship" Deepest is mother's love.



A real friend cares, shares, love and guides. Light the lamp of friendship with the oil of love. we know, Sunrises in the east and sets in the west.But a true friendship rises in the heart and sets after death. One good friend is better than 1000 wicked friends. A good friend have no limitation, who remember without hesitation and who give much explanation. A real friend communication heart to heart, even if they are a part. A real friend is a persons who helps us in any danger. So choose your good friends.

**"A FRIEND IN NEED IS A FRIEND INDEED"**

Friend ship: LOVE + SAD + CARE + TRUTH+FAITH + HELPING



Fida Fathima.S
IX B

# FULL FORMS



NEWS

N-North
E-East
W-West
S-South



EDUCATION

E-Energy
D-Discipline
U-Unity
C-Confidence
A-Aim
T-Talent
I-Interest
O-Opportunity
N-Nationality




ACTOR

A-Action
C-Concentration
T-Timing
O-Originality
R-Rhythm



STUDENT

S-Smartness
T-Thoughtful
U-Understand
D-Dutiful
E-Energetic
N-Nobility
T-Talent



TEACHER

T-Tolerance
E-Education
A-Adorable
C-Charming
H-Helpful
E-Encouraging
R-Responsible



FAMILY

F-Father
A-And
M-Mother
I-Including
L-Lovely
Y-Youngs



POLICE

P-Politeness
O-Obedience
L-Loyality
I-Intelligence
C-Courage
E-Efficiency



Shakkira.A
IX B

# NATURAL DISASTERS

- *Natural disasters may be caused by weather and climate changes or by earthquakes.*



- *A natural disaster is the highly harmful on a society or community following a natural peril event.*

*. Some natural hazard events are:flooding, drought,earthquake,tropical cyclone,lightening , tsunami, wildfire,volcanic activity etc...*



- *We can control natural disasters by managing these things:*
  ** Raising awareness Potential risk*
  ** Educating the public about how to prepare for different types of disasters.*
  ** Installing and strength-ening prediction and warning system,etc..*



Salu.P.Kumar
IX C

# THE KEY TO SUCCESS




**H**ardwork is the most important key to success. The achievements without hard work are impossible. An idle person can never gain anything if they sit and wait for the better opportunity to come. The person who is working hard is able to gain the success and happiness in life. Nothing is easy to be achieved in life without doing any hard work.

The Edison was working for 21 hours a day, and he sleeps only for 2 or 3 hours on the laboratory tables with a his book as his pillow. The prime minister of India late pt. Nehru, he working for 17 hours a day and seven days a week. There were no holidays in his calendar. The Mahatma Gandhi worked ceaselessly day and night he won freedom for his country. The hard work is a price that we pay for success in the life.

The constant vigilance and preparedness to work is the price we have to pay for the success in life. Work is a privilege and a pleasure , the idleness is a luxury that no one can afford. Man is born to work and prosper in life. He likes steel shines in use and rust in rest the work is worship. The man of actions acts in the living present. There is no tomorrow for him. He makes the best of time. Life is full of strife. It is the action, activity of law of nature. A life of idleness is a life of shame and disgrace. Idle men are intrudes on society. We are endowed with brain and limbs, which are meant to be properly exercised. The failure in life is very often due to idleness. The industry is the key to success, industry, makes and idleness Mars a nation.

Not poverty but the idleness is a great curse. If we waste time, time shall waste us. A life crammed with work is a life bubbling with the joy of success. Great men of the world were born in cottages but they died in palaces.

America's first famous president Abraham Lincoln was born in a log cabin in the forest. He could not afford a lamp and read borrowed books with the light of the fire in the hearth. And yet the dint of hard work , he rose to be the greatest man of his time. Stalin, the late prime minister of Russia,was the son of a mere cobbler.

***Hardwork is very Necessary and we should always work hard as hard work always pays off.***



Adharva.s.sunil
IX B

# THE LOVING MONSTER



.... while l was travelling with my friend Mr.John, we very tired and entered the thick forest. We saw several coloured butterflies, beautiful flowers, big trees and animals like monkeys, squirrels etc. We heard the sound of several crickets and insects. That forest had several mysterious stories about giant monster and man eaters. At the time of entering the forest me and my friend were very brave and courageous. But while moving deep inside the forest we were fearful and disappointed we on a rock and thought about our future journey. Suddenly we heard a murmuring sound like a giant monster. When we turned around we saw one monster coming towards us with a howling sound. But actually we understood that the monster was in a trap. In a melancholy mood we saw the tears flowing from his eyes. At that moment we got two feelings, one sad and another euphoria. We took out our tools from our carry bag like cutter, player and safety equipments. With half fear and half courage we moved towards the monster and tried to cut his trap. When l looked with sorrow, tears from his eyes dropped on to my body. We felt pity for him. After a few minutes we succeeded in our plan and the monster was released from the trap. At that moment we started to run away from him. But the monster prevented us, which embarrassed us. Through lightning we understood that that's not a monster, it was a chimpanzee. Actually still now we are not sure whether it happened or was a dream. This event was years back, but now also we are surprised with the character of the chimpanzee.



AaliyaFathima.A
IX B

# Nature



The green mat you provides,
is a shelter to us
The shimmering shine like the
presence of my elders,is like
you the god of sun.
The rippling of stream resembles
the tune of my favourite lory.
The beautiful vision,
when I see after resting the green
lap of my beautiful mother
is the heaven I know.
Thank God for giving such a
mesmerising miracle.



Aadidev Luju
IX D



# AIM OF THE STUDENTS





The first and foremost duty of a student is to study. In fact, that is the meaning of the word `student´. The only aim of a student should be to study the subjects own choice and to get as much knowledge as a possible in that field. Whatever course they have chosen, they should purpose it with concentration and a spirit of dedication and their aim should be to attain excellence in the area of their choice. Our country is standing back of other countries in respect of education. It is education that enables anyone to live a full and happy life and to help others to lead such a life. We need educated and enlightened people. If people are not educated, the country cannot make any progress. Therefore, students should first equip themselves intellectually to study. Uneducated people cannot render any useful service to society

Anagha R
IX C



# കൂട്ടുകാരുടെ വരവർണ്ണങ്ങൾ...






Deeshna Krishna
VII C



Krishnapriya S R
VIII C












Sreenidhi P
VII C






Muhammed Hilal
IX B











Salu P Kumar
IX C








Shreya Girilal
IX B



Vishnu B
VII C




















Muhammed Hussey H
VII A



Abhinav B
VII C



Hanna James
VII C







Anagha R
IX C





Fathima F
IX D



Aswin A
VII C











Adithyan R
VII C



Anushka S Menon
VII C






Sayanth Vijay
VI A










Abhirami Satheesh
IX D

Goutham N
IX D













Parvathy P
VII B



Anfal
X B






Sreeparvathy P
VII B








Avani V
IX B



Abhay Krishna
IX D








Adya Rajesh
IX D

# We......

## Little KITEs 2022-2025 Batch




We With our LK Master Sajith Sir and LK Mistress Mubeena Teacher and Our Senior Teacher Mrs. Anitha.

# കെ.കെ.എം.ഗവ:വി.എച്.എസ്.എസ്.
# മികവിന്റെ കേന്ദ്രം



- മികച്ച വിദ്യാലയ അന്തരീക്ഷം.
- പ്രഗത്ഭരായ അദ്ധ്യാപകർ.
- മുഴുവൻ സമയ കൗൺസിലറുടെ സേവനം.
- സ്മാർട്ട് ക്ലാസ് റൂമുകൾ, ലാബ് സൗകര്യം.
- **LSS, USS, NMMS** പരീക്ഷകൾക്കായുള്ള പ്രത്യേക പരിശീലനം.
- മികച്ച കായിക പരിശീലനം (ഫുട് ബോൾ ,നീന്തൽ,.....).
- കരാട്ടെ പരിശീലനം.
- പഠന പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക ക്ലാസ്സുകൾ.
- കുട്ടികളുടെ ആത്മീയവും,മാനസികവും,ബൗദ്ധികവുമായ വളർച്ചയ്ക്ക് മുൻ തൂക്കം
- വാഹന സൗകര്യം.

**NCC**
**LITTLE KITES**
**JRC**
**GUIDES**
**SPC**
**NSS**

വിദ്യാരംഗം കലാസാഹിത്യ വേദി, ഗാന്ധി ദർശൻ, മാതൃഭൂമി സീഡ് ക്ലബ്ബ്, സ്മാർട്ട് എനർജി ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഗണിത ക്ലബ്ബ്, സാമൂഹ്യശാസ്ത്ര ക്ലബ്ബ്, എക്കോ ക്ലബ്ബ്, ഹിന്ദി ക്ലബ്ബ്, അറബി ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ്.

# നന്ദി

ഈ ഡിജിറ്റൽ മാഗസിൻ 'ലോഗിൻ' പൂർത്തീകരിക്കാൻ ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, ലിറ്റിൽ കൈറ്റ്സ് അധ്യാപകർക്കും ഞങ്ങളുടെ മാഗസിനുവേണ്ടി രചനകൾ സമ്മാനിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

മുഹമ്മദ്ദ് ഹിലാൽ & ആദിദേവ് ലുജു
ചീഫ് എഡിറ്റേഴ്സ്